**കേരള സർക്കാർ**

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത് - ഹോമിയോ ആശുപത്രി സ്ഥാപിക്കാനുദ്ദേശിച്ച സ്ഥലത്ത് വനിത ഉൽപന്ന വിപണന കേന്ദ്രം കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

===========================================================================

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

സ.ഉ.(സാധാ)242/2016/തസ്വഭവ തിരുവനന്തപുരം, തീയതി,22.1.2016

===========================================================================

പരാമർശം: 1. ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 16.09.2014-ലെ സി39/14 നമ്പർ കത്ത്

2. ഗ്രാമ വികസന കമ്മീഷണറുടെ 05.08.2015-ലെ 316/ജെആർവൈ2/15/സിആർഡി നമ്പർ കത്ത്

**ഉത്തരവ്**

ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത് 2000-01 സാമ്പത്തിക വർഷം ആച്ചിക്കൽ എന്ന പ്രദേശത്ത് സറണ്ടർ ചെയ്തു കിട്ടിയ ഭൂമിയിൽ ഹോമിയോ ആശുപത്രി നിർമ്മിക്കുന്നതിനായി 2,00,000/- രൂപ വകയിരുത്തി നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ച് പാതിവഴിയിൽ മുടങ്ങിപ്പോയ പദ്ധതിയ്ക്ക് പകരമായി ഈ സ്ഥലത്ത് ജനോപകാരപ്രദമായ മറ്റേതെങ്കിലും പദ്ധതി നടപ്പിലാക്കണമെന്ന് സ്ഥലവാസികളും പദ്ധതികൾക്കായി സ്ഥലം സംഭാവന ചെയ്ത ആളും നിരന്തരമായി ആവശ്യപ്പെട്ടതിന്റെയടിസ്ഥാനത്തിൽ ഹോമിയോ ആശുപത്രി സ്ഥാപിക്കാനുദ്ദേശിച്ച സ്ഥലത്ത് വനിത ഉൽപന്ന വിപണന കേന്ദ്രത്തിനുള്ള കെട്ടിടം നിർമ്മിക്കാൻ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ടെന്നും ആയതിന് ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകിയിട്ടുണ്ടെന്നും നടപ്പ് സാമ്പത്തിക വർഷത്തിൽ ഇതിനായി 5,20,000/- രൂപ വകയിരുത്തിയിട്ടുണ്ടെന്നും ആയതിനാൽ വനിത ഉൽപന്ന വിപണന കേന്ദ്രത്തിനുള്ള കെട്ടിടം നിർമ്മിക്കാൻ അനുമതി നൽകണമെന്നും പരാമർശം ഒന്ന് പ്രകാരം ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത് ആവശ്യപ്പെടുകയുണ്ടായി.

2)ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത് ഹോമിയോ ആശുപത്രി സ്ഥാപിക്കാനുദ്ദേശിച്ച സ്ഥലത്ത് കെട്ടിടം പണിയുന്നത് പൂർത്തീകരിക്കുവാൻ പറ്റാത്ത സാഹചര്യത്തിൽ ആയതിന് നൽകിയ തുക റവന്യൂ റിക്കവറി മുഖാന്തിരം ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിനോടൊപ്പം ടി സ്ഥലം അന്യാധീനപ്പെട്ടു പോകാതിരിക്കുന്നതിനും ബ്ലോക്ക് പഞ്ചായത്ത് അധീനതയിൽ നിലനിർത്തുന്നതിനുമായി വനിത ഉൽപന്ന വിപണന കേന്ദ്രത്തിനുള്ള കെട്ടിടം നിർമ്മിക്കാൻ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി എടുത്ത തീരുമാനത്തിന് അംഗീകാരം നൽകാവുന്നതാണെന്ന് ഗ്രാമവികസന കമ്മീഷണറും പരാമർശം രണ്ട് കത്ത് പ്രകാരം അറിയിക്കുകയുണ്ടായി.

3)ഈ സാഹചര്യത്തിൽ ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത് 2000-01 സാമ്പത്തിക വർഷം ആച്ചിക്കൽ എന്ന പ്രദേശത്ത് സറണ്ടർ ചെയ്തു കിട്ടിയ ഭൂമിയിൽ ഹോമിയോ ആശുപത്രി

സ്ഥാപിക്കാനുദ്ദേശിച്ച സ്ഥലത്ത് കെട്ടിടം പണിയുന്നത് പൂർത്തീകരിക്കുവാൻ പറ്റാത്ത സാഹചര്യത്തിൽ ആയതിന് നൽകിയ തുക റവന്യൂ റിക്കവറി മുഖാന്തിരം ഈടാക്കുന്നതിനോടൊപ്പം ടി സ്ഥലം അന്യാധീനപ്പെട്ടു പോകാതിരിക്കുന്നതിനും ബ്ലോക്ക് പഞ്ചായത്ത് അധീനതയിൽ നിലനിർത്തുന്നതിനുമായി വനിത ഉൽപന്ന വിപണന കേന്ദ്രത്തിനുള്ള കെട്ടിടം നിർമ്മിക്കാൻ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി എടുത്ത തീരുമാനത്തിന് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**റ്റി. ജെ. ഉണ്ണികൃഷ്ണൻ**
ഡെപ്യൂട്ടി സെക്രട്ടറി

To

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. പ്രസിഡന്റ്, ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത്
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
5. അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
6. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ